## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.648** **04.02.2020-ൽ മറുപടിക്ക്**

### മഞ്ചേശ്വരം മണ്ഡലത്തിലെ വൈദ്യുതി മുടക്കം

| | ചോദ്യം<br>ശ്രീ. എം. സി. കമറുദ്ദീൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ കടമ്പാർ, കുബന്നൂർ സബ് സ്റ്റേഷന്റെ പരിധിയിലുള്ള വൊർക്കടി, പൈവളിഗെ, മഞ്ചേശ്വരം, ഉപ്പള എന്നീ സെക്ഷനുകളിൽ നിരന്തരമായി വൈദ്യുതി മുടങ്ങുന്നതായുള്ള പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുഞ്ചത്തൂർ മുതൽ തവിട്ഗോളി വരെ നിലവിലുള്ള 110 കെ.വി സിംഗിൾ സർക്യൂട്ട് ട്രാൻസ്മിഷൻ ലൈൻ, ഡബിൾ സർക്യൂട്ട് ആക്കുന്നതിന്റെ ഭാഗമായി, ഡിസംബർ, ജനുവരി മാസങ്ങളിൽ മഞ്ചേശ്വരം മണ്ഡലത്തിലെ കടമ്പാർ, കുബന്നൂർ സബ്സ്റ്റേഷൻ പരിധിയിലുള്ള വോർക്കാടി, പൈവളിഗെ, മഞ്ചേശ്വരം, ഉപ്പള എന്നീ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ മുൻകൂട്ടി തീരുമാനിച്ചത് പ്രകാരമുള്ള വൈദ്യുതി തടസ്സം ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ജനുവരി 12 ന് പൂർത്തീകരിച്ചിട്ടുണ്ട്.<br>ഇനിയും ഇതുപോലെയുള്ള പ്രവൃത്തികൾ ചെയ്യേണ്ടി വരുമ്പോൾ വൈദ്യുതിതടസ്സം കുറയ്ക്കുവാനായി ഏറ്റവും ചുരുങ്ങിയ കാലയളവിനുള്ളിൽ പ്രവൃത്തികൾ ചെയ്തുതീർക്കുവാനും മുൻകൂട്ടി ഉപഭോക്താക്കളെ പത്രമാധ്യമങ്ങളിൽ കൂടിയും ദൃശ്യമാധ്യമങ്ങളിൽ കൂടിയും അറിയിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | നിരന്തരം വൈദ്യുതി മുടങ്ങുന്നത് കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ